**വളരെ അടിയന്തരം**

E5-45666/2015

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
വഴുതക്കാട്,
തിരുവനന്തപുരം 695 014,
*email : apccf-admin.for@kerala.gov.in*
ഫോൺ/ഫാക്സ് : *0471-2338491*

തീയതി : 16.04.2016

## നോട്ടീസ്

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനാഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.എ.മോഹനകുമാറിന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സുചന: ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1212/15 നമ്പർ കേസ്സിൽ 09.02.2015 ന് പുറപ്പെടുവിച്ച ഉത്തരവ്.

18/4/16 Rd EMIS

തിരുവനന്തപുരം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ജൂനിയർ സൂപ്രണ്ട് ആയി ജോലി നോക്കുന്ന ശ്രീ.എ.മോഹനകുമാർ തന്റെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി 25.06.1987 തീയതി കണക്കാക്കി പുനഃസ്ഥാപിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA-1212/15 നമ്പർ കേസ്സ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്മേൽ 09.02.2015 തീയതിയായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അന്തിമ ഉത്തരവ് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.എ.മോഹനകുമാറിന്റെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്ന സാഹചര്യത്തിൽ ആയത് ബാധകമായേക്കാവുന്ന ജീവനക്കാരെ നേരിൽ കേട്ട് അന്തിമ തീരുമാനം കൈക്കൊളളുവാൻ തീരുമാനിച്ചിട്ടുണ്ട്. ശ്രീ.എ.മോഹനകുമാർ 31.05.2016 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയാണ്.

01.01.1988 ലെ എൽ.ഡി ക്ലാർക്കുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീ.എ.മോഹനകുമാറിന്റെ സ്ഥാനം ക്രമ നം. 451 ശ്രീ.റോമി മാത്യുവിനും, ക്രമ നം. 453 ശ്രീമതി.കെ.സിന്ധുവിനും മദ്ധ്യേ ക്രമ നം. 452 ആയി നിശ്ചയിച്ചു നൽകിയിരുന്നു. ശ്രീ.എ.മോഹനകുമാറിന്റെ നിലവിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമുളള സ്ഥാനവും

25.06.1987 തീയതി കണക്കാക്കി പുനഃസ്ഥാപിക്കുമ്പോൾ ഉള്ള സ്ഥാനം യഥാക്രമം ചുവടെ പറയും പ്രകാരം ആയിരിക്കും.

| നിലവിലെ സ്ഥാനം | | |
|---|---|---|
| സീനിയോറ്റിറ്റി ലിസ്റ്റ് | ക്രമ നം. | പേര് |
| 01.01.2005 ലെ യു.ഡി.ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് | 297<br>298<br>299 | രമ.പി.കെ<br>മോഹൻകുമാർ.എ<br>രാജേഷ്.സി.ജെ |
| 01.01.2014 ലെ ഹെഡ് അക്കൗണ്ടന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് | 35<br>36<br>37 | രമ.പി.കെ<br>മോഹൻകുമാർ.എ<br>രാജേഷ്.സി.ജെ |
| 01.01.2016 ലെ ജൂനിയർ സൂപ്രണ്ടുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് | 63<br>64<br>65 | വിജയൻ.കെ<br>മോഹനകുമാർ.എ<br>കെ.നിസാമുദ്ദീൻ |

| 25.06.87 പ്രാബല്യത്തിൽ സീനിയോറിറ്റി പുതുക്കി നൽകുകയാണെങ്കിലുള്ള സ്ഥാനം | | |
|---|---|---|
| സീനിയോറിറ്റി ലിസ്റ്റ് | ക്രമ നം | പേര് |
| 01.01.2005 ലെ യു.ഡി.ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് | 162<br>162 A<br>163 | റോമി മാത്യു<br>മോഹൻകുമാർ.എ<br>സിന്ധു.കെ |
| 10.10.2010 ലെ ഹെഡ് അക്കൗണ്ടന്റ്മാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് | 46<br>46 A<br>47 | റോമി മാത്യു<br>എ.മോഹനകുമാർ<br>സന്തോഷ്.പി.എസ് |
| 01.01.2014 ലെ ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് | 32<br>32 A<br>33 | റോമി മാത്യു<br>മോഹൻകുമാർ.എ<br>സന്തോഷ്.പി.എസ് |
| 01.01.2015 ലെ സീനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് | 27<br>27 A<br>28 | റോമി മാത്യു<br>മോഹൻകുമാർ.എ<br>സന്തോഷ്.പി.എസ് |

മേൽ പറഞ്ഞ പ്രകാരം ടിയാൻ ക്ലാർക്ക്, സീനിയർ ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിലേയ്ക്ക് 25.06.1987 തീയതിയിലെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ സ്ഥാനം പുനഃസ്ഥാപിച്ചു നൽകുന്നതിൽ വനം വകുപ്പിൽ സേവനത്തിലിരിക്കുന്ന ഏതെങ്കിലും ജൂനിയർ സൂപ്രണ്ട്/സീനിയർ സൂപ്രണ്ട്മാർക്ക് പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് ഓഫീസ് തലവൻ മുഖേന വ്യക്തമായ തെളിവുകളോടെ 27.04.2016 രാവിലെ 10 മണിയ്ക്ക് മുമ്പായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിയ്ക്കുന്ന

പരാതി/ആക്ഷേപം ഉള്ളവരെ അന്നേ ദിവസം തന്നെ നേരിൽ കേൾക്കുന്നതായിരിക്കും. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാൽ. മേൽ പറഞ്ഞ സമയപരിധി കഴിഞ്ഞു ലഭിക്കുന്നതോ വ്യക്തമായ കാരണങ്ങളോടെയോ, തെളിവുകളോടെയോ അല്ലാതെ സമർപ്പിക്കുന്നതോ ലഭിക്കുന്നതോ ആയ അപേക്ഷകൾ/പരാതികൾ പരിഗണിക്കുന്നതല്ല.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

To,

എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ഫോറസ്റ്റ് കൺസർവേറ്റർമാർക്കും/ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, സോഷ്യൽ ഫോറസ്ട്രി വിഭാഗം, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ, വൈൽഡ്ലൈഫ് വാർഡൻമാർക്കും - താങ്കളുടെ കീഴിൽ സീനിയർ സൂപ്രണ്ട്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകി കൈപ്പറ്റ് രസീതി വാങ്ങേണ്ടതാണ്.

ശ്രീ.എ. മോഹനകുമാർ, ജൂനിയർ സൂപ്രണ്ടിന് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അറിവിനായി നൽകുന്നു.